കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ല - ആലക്കോട് ഗ്രാമപഞ്ചായത്ത്-സമഗ്ര കുടിവെള്ള പദ്ധതിയ്ക്ക് സ്ഥലം വാങ്ങുന്നതിനും കേരള വാട്ടർ അതോറിറ്റിയ്ക്ക് സ്ഥലം കൈമാറുന്നതിനും അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ. (സാധാ)നം. 3405/2014/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം: 20.12.2014.

പരാമർശം : 1. ആലക്കോട് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 21/11/2013 തീയതിയിലെ സാധാരണ യോഗത്തിലെ V-ാം നമ്പർ തീരുമാനം.

2. ആലക്കോട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 05/08/2014 -തീയതിയിലെ പി.ആർ/4/14 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിൽ ഉൾപ്പെട്ട ആലക്കോടിനും സമീപവില്ലേജുകൾക്കും പ്രയോജനകരമായ സമഗ്രകുടിവെള്ള പദ്ധതിയ്ക്കുവേണ്ടി 4.04 ആർ സ്ഥലം ഭ്രൂഉടമയിൽ നിന്നും ആലക്കോട് ഗ്രാമ പഞ്ചായത്തിന് വാങ്ങുന്നതിന് ആവശ്യമായ തുക പദ്ധതിവിഹിതത്തിൽ നിന്ന് ചെലവാക്കുന്നതിനും പ്രസ്തുത ഭൂമി വാട്ടർ അതോറിറ്റിയിക്ക് കൈമാറുന്നതിനുമുള്ള പ്രത്യേക അനുമതി നല്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് സൂചന (1) പ്രകാരം ആലക്കോട് ഗ്രാമ പഞ്ചായത്ത് തീരുമാനിക്കുകയും സൂചന (2) പ്രകാരം സർക്കാരിൽ അപേക്ഷിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം (5) ലെ വ്യവസ്ഥകൾക്കു വിധേയമായി, ജില്ലാ കളക്ടർ നിശ്ചയിച്ചിട്ടുള്ള 182250/- രൂപയ്ക്കോ, അതിൽ താഴെ വിലയ്ക്കോ ഉഭയകക്ഷിസമ്മതപ്രകാരം സമഗ്രകുടിവെള്ള പദ്ധതിയ്ക്കുവേണ്ടി ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിൽ കരിമണ്ണൂർ വില്ലേജിൽ സർവ്വേ നമ്പർ 89/2 ൽ പെട്ട 4.04 ആർ ഭൂമി ഭ്രൂഉടമയിൽ നിന്നും ആലക്കോട് ഗ്രാമപഞ്ചായത്തിന് വാങ്ങുന്നതിന് ആവശ്യമായ തുക

...2/-

പദ്ധതിവിഹിതത്തിൽ നിന്നും ചെലവാക്കാനുള്ള അനുമതിയും വസ്തുവിന്റെ ഉടമസ്ഥാവകാശം ഗ്രാമ പഞ്ചായത്തിൽ നിലനിർത്തണമെന്നുള്ള വ്യവസ്ഥയിൽ പ്രോജക്ടിൽ ഉൾപ്പെടുത്തി മറ്റു നടപടിക്രമം പാലിച്ച് പ്രസ്തുത ഭൂമി വാട്ടർ അതോറിറ്റിയ്ക്ക് കൈമാറുന്നതിനുള്ള അനുമതിയും ആലക്കോട് ഗ്രാമ പഞ്ചായത്തിന് നല്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

കെ.കെ. രാജഗോപാലൻ നായർ
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രസിഡന്റ്/സെക്രട്ടറി, ആലക്കോട് ഗ്രാമ പഞ്ചായത്ത്, ഇടുക്കി ജില്ല.
ജില്ലാ കളക്ടർ, ഇടുക്കി
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
അക്കൗണ്ടന്റ് ജനറൽ(L&E/(LBA&A), കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ